LIBRARY ARCHIVES Kerala Legislative Assembly

## ഉന്നതവിദ്യാഭ്യാസ വികസന പദ്ധതി

27 (*116) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നതവിദ്യാഭ്യാസ വികസനത്തിനായി പുതിയ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ പഠനറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായത്തിനുവേണ്ടി റിപ്പോർട്ട് കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ മുതൽമുടക്ക് എത്രയാണ് ;

(ഇ) പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം സർവ്വകലാശാലകളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഉന്നതവിദ്യാഭ്യാസ വികസനത്തിനായി പല പുതിയ പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കമ്മ്യൂണിറ്റി കോളേജുകൾ, കേരള സാങ്കേതിക സർവ്വകലാശാല എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ Dubai Knowledge Village-ന്റെ മാതൃകയിൽ സംസ്ഥാനത്ത് ഒരു അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സാങ്കേതികവിദ്യാഭ്യാസ വകുപ്പും വിവിധ സർവ്വകലാശാലകളും വ്യവസായ സ്ഥാപനങ്ങളുമായുള്ള സംയുക്ത ഗവേഷണ പരിപാടികളുടെ ഭാഗമായി താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1. Bosch Rexroth-മായി സഹകരിച്ച് കോട്ടയം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജായ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഒരു സെന്റർ ഫോർ എക്സലൻസ് & സെന്റർ ഓഫ് കോംപിറ്റൻസ് ഇൻ ഓട്ടോമേഷൻ ടെക്നോളജി സ്ഥാപിക്കുക.

2. മെഴ്സിഡസ് ബെൻസ് ഇന്ത്യ ലിമിറ്റഡും ബാർട്ടൻഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരവും സംയുക്തമായി Advanced Diploma Course in Automotive Mechatronics ആരംഭിക്കുക

3. ജർമ്മനിയിലെ ഹൈഡൽബർഗ് കമ്പനിയും തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജും സംയുക്തമായി ഒരു Advanced Post Graduate

Diploma Course in Micro Printing & Thin Film Deposition Course ആരംഭിക്കുക



4. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ Trivandurm Engineering Science & Technology (TrEST) Research Park സ്ഥാപിക്കുക

5. Centre for Drug Discovery, University Industry Collaborative Centre & Incubation എന്നിവ MG University -യിൽ സ്ഥാപിക്കുക

(ബി &സി) കമ്മ്യൂണിറ്റി കോളേജുകൾ, കേരള സാങ്കേതിക സർവ്വകലാശാല എന്നിവ രൂപീകരിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. കമ്മ്യൂണിറ്റി കോളേജുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആദ്യവർഷം ചെലവിന്റെ 90 ശതമാനവും വഹിക്കുന്നതിന് കേന്ദ്രസർക്കാർ സമ്മതം അറിയിച്ചിട്ടുണ്ട്. കേരള സാങ്കേതിക സർവ്വകലാശാല സംസ്ഥാന സർക്കാരിന്റെ പദ്ധതിയായാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

(ഡി) കമ്മ്യൂണിറ്റി കോളേജുകൾ നടപ്പാക്കുന്നതിനായി 56 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതിക സർവ്വകലാശാലയുടെ രൂപീകരണത്തിനായി 150 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. അക്കാഡമിക് സിറ്റിയുടെ പ്രാരംഭ നടപടികൾക്കായി 25 ലക്ഷം രൂപ ധനസഹായമായി ധനകാര്യവകുപ്പ് മന്ത്രി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) കമ്മ്യൂണിറ്റി കോളേജ് പദ്ധതി സംസ്ഥാനത്തെ കേരള, എം.ജി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളുടെ കീഴിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട 5 (അഞ്ച്) ആർട്സ് &സയൻസ് കോളേജുകളിലും ബന്ധപ്പെട്ട 5 (അഞ്ച്) പോളിടെക്നിക്കുകളിലും ആണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിൽ ഗുണനിലവാരം പുലർത്തുന്ന കോളേജുകൾക്കുമാത്രം അഫിലിയേഷൻ നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം

28(*117) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത്, നിലവിൽ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന സ്കൂളുകൾ എത്രയുണ്ടെന്ന് അറിയിക്കുമോ ;

(ബി) സ്കൂളുകളിൽ കുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിൽ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly